# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **08.09.2021** മുതൽ **12.09.2021**വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി. 72/2021 | തീയ്യതി: 07/09/2021 |
|---|---|

### എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 139.7 | 27.5 – 30.0 | 22.0 – 24.0 | 62 - 100 | 03 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 08-09-2021 | 09-09-2021 | 10-09-2021 | 11-09-2021 | 12-09-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 30 | 20 | 20 | 10 | 20 |
| കൂടിയ താപനില, °C | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 5 | 6 | 6 | 7 | 8 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 250 | 210 | 270 | 290 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| | **അടുത്ത ദിവസങ്ങളിൽ മഴ ലഭിക്കും.** |
| **പൊതു നിർദ്ദേശങ്ങൾ** | **വിസ്തൃത മഴ പ്രവചന പ്രകാരം അടുത്തയാഴ്ച പരക്കെ ശരാശരിയേക്കാൾ മഴ ഉണ്ടായേക്കാം.**<br><br>പാടത്തു നല്ല നീർ വാർച്ച ഉറപ്പുവരുത്തുക. വിളഞ്ഞ നെല്ല് സാധ്യമായത്രയും കൊയ്തെടുത്തു മഴ നനയാത്തിടത്തേയ്ക്കു മാറ്റി സൂക്ഷിക്കുക<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br><br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br><br>കാലി/കോഴിത്തീറ്റകൾ നിറച്ച ചാക്കുകൾ ഈർപ്പം ഇല്ലാത്ത മുറികളിൽ തറനിരപ്പിൽ നിന്ന് ഉയർത്തി മരപ്പലകമേൽ സൂക്ഷിക്കുക.<br><br>വൃക്ഷവിളകൾ പുതുതായി നാട്ടയിടങ്ങളിൽ നീർവാർച്ച ഉറപ്പു വരുത്തുക .മണ്ണിൽ വായു സഞ്ചാരം ലഭിക്കുന്നതിന് 20-30 സെ .മീ .ആഴത്തിൽ ഇളക്കി കൊടുക്കുക .തടത്തിൽ ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം ഒഴിക്കുക .ഇലകളിലും വളർച്ചാ മുകുളങ്ങളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക . |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. ഹെക്സകൊണാസോൾ 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കൊഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | ഈ വർഷം കുമ്മായം ഇതുവരെ ചേർത്തിട്ടില്ലായെങ്കിൽ ഉടനെ തന്നെ ഓരോ തെങ്ങിൻ തടത്തിലും 2 മുതൽ 3 കിഗ്രാം വരെ കുമ്മായം ചേർക്കുക.<br>കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഓലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| പപ്പായ | വിവിധ ഘട്ടം | പപ്പായ ഇല ചുരുളൽ രോഗം<br> | രോഗ ലക്ഷണങ്ങൾ നേരത്തെ തന്നെ കണ്ടെത്തുവാൻ ജാഗ്രത പുലർത്തുക രോഗം ബാധിച്ച ചെടികൾ വേരോടെ പിഴുതെടുത്തു കത്തിച്ചു കളയുക. |
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും<br> | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം ഡെൽറ്റാമെത്രിൻ അര മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |

| | | | |
|---|---|---|---|
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക. അല്ലെങ്കിൽ ക്വിനാൽഫോസ് 2 മില്ലി ഒരു 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി